# താമരശ്ശേരി ഗ്രാമപഞ്ചായത്ത്

Thamarassery village panchayat

ഗ്രാമപഞ്ചായത്ത് കാര്യാലയം, താമരശ്ശേരി പി ഒ, 673573-പിൻ, കോഴിക്കോട് ജില്ല.

O/o Village panchayat, Thamarassery P. O., 673573-PIN, Kozhikode district, Kerala state, India.

ഫോൺ/Phone: +91495 2222252 ഇ-മെയിൽ/e-mail: thamarasserygp@gmail.com


*'ഭരണഭാഷ - മാതൃഭാഷ'*

---

നമ്പർ: 6094471 27.12.2025

സെക്രട്ടറി
താമരശ്ശേരി ഗ്രാമപഞ്ചായത്ത്

ബഹു വിജിലൻസ് ഓഫീസർ
തദ്ദേശ സ്വയം ഭരണ വകുപ്പ്
കോഴിക്കോട്.

സർ,

വിഷയം : താമരശ്ശേരി ഗ്രാമപഞ്ചായത്ത് - ബിൽഡിംഗ് പെർമിറ്റ് അനുവദിച്ച് നിർമ്മിച്ച കെട്ടിടത്തിന് കെട്ടിടനമ്പർ അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന : അങ്ങയുടെ ഓഫീസിൽ നിന്നുമുള്ള N/10134/2025 നമ്പർ കത്ത്.

മേൽസൂചന പ്രകാരം ഫയൽ പരിശോധിച്ചതിൽ ശ്രീ നൗഷാദ് വട്ടക്കുണ്ടുങ്ങൽ എന്നവർ ഒക്യുപൻസിക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ നികുതി രസീതിലും കൈവശാവകാശ സർട്ടിഫിക്കറ്റിലും ആമിന മുതൽ പേർ എന്നാണ്. നിലവിൽ പെർമിറ്റ് അനുവദിച്ചത് 02/10/2019 ന് ഉസ്സൈൻഹാജി വട്ടക്കുണ്ടുങ്ങൽ എന്നവരുടെ പേരിലാണ്.നമ്പർ അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയോടൊപ്പം ആമിന മുതൽ പേർ എന്നവരുടെ കൈവശം, നികുതി രസീത് എന്നിവയാണ് ഹാജരാക്കിയിട്ടുള്ളത്. ഉസ്സൈൻഹാജി എന്നവരുടെ മരണ സർട്ടിഫിക്കറ്റോ, ലീഗൽഹെയർഷിപ്പോ ഹാജരാക്കിയിട്ടില്ല. അസിസ്റ്റൻറ് എൻജിനീയർ സൈറ്റ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ പരിഹരിക്കാത്തതിനാലാണ് കെട്ടിടനമ്പർ അനുവദിക്കാതിരുന്നത്.പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിനായി ടിയാന് കത്ത് നൽകിയിട്ടുള്ളതാണ്.അപാകതകൾ അങ്ങയുടെ അറിവിലേക്കായി താഴെ കൊടുക്കുന്നു.സൈറ്റിലെ അളവുകളും സൈറ്റ് പ്ളാനിലെ അളവുകളും തമ്മിൽ വ്യത്യാസം കാണുന്നു. സൈറ്റ് പ്ളാനിൽ pond കാണിച്ചിട്ടുണ്ടെങ്കിലും സൈറ്റിലുള്ള യഥാർഥ അളവുകൾ പ്രകാരമല്ല പ്ളാനിൽ രേഖപ്പെടുത്തിയത്.പാർക്കിംഗ് പ്ളാനിൽ കാണിച്ച പ്രകാരം സൈറ്റിൽ നിലവിൽ വാഹനങ്ങൾ പാർക്ക് ചെയ്യാൻ സാധിക്കില്ല. സൈറ്റിൽ പാർക്കിംഗ് സാധ്യമാകുന്ന രീതിയിൽ പാർക്കിംഗ് പ്ളാൻ സമർപ്പിക്കേണ്ടതാണ്. മുകളിലത്തെ പ്ളോട്ടിലേക്കും കെട്ടിടത്തിലേക്കുമുള്ള ടാറിംങ് ചെയ്ത റോഡ് പ്ളോട്ടിൻറെ ഉള്ളിലൂടെയാണ് കടന്നുപോകുന്നത്. ആയതു സൈറ്റ് പ്ളാനിൽ കാണിച്ചിട്ടില്ല. KPBR പ്രകാരം ആവശ്യമായ ടോയ്ലറ്റുകൾ കെട്ടിടത്തിൽ നിർമ്മിച്ചിട്ടില്ല. KPBR റൂൾ 34 പ്രകാരം ആവശ്യമായ ശുചീകരണ സംവിധാനങ്ങളും ഏർപ്പെടുത്തേണ്ടതാണ്. റൂൾ 42(2) പ്രകാരം 1000m2-ന മുകളിൽ ഏരിയ ഉള്ള എല്ലാ കെട്ടിടങ്ങൾക്കും ലിഫ്റ്റ് ആവശ്യമാണ്.അത് കെട്ടിടത്തിൽ നൽകിയിട്ടില്ല.റൂൾ 35(2) പാലിക്കാതെയാണ് ഫയർ എസ്കേപ്പ് സ്റ്റെയർ നിർമ്മിച്ചത് എന്നുമുള്ള അപാകതകൾ അങ്ങയുടെ അറിവിലേക്കായി സമർപ്പിക്കുന്നു. ആയത് സംബന്ധിച്ച് അപേക്ഷകന് കത്ത് നൽകിയെങ്കിലും അപാകത പരിഹരിച്ച് നൽകിയിട്ടില്ലെന്ന വിവരവും ബോധിപ്പിക്കുന്നു.

വിശ്വസ്തതയോടെ,
സെക്രട്ടറി,
താമരശ്ശേരി ഗ്രാമപഞ്ചായത്ത്.

Secretary
Thamarassery Grama Panchayath
Thamarassery (P.O). Ph : 0495-2222252